ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. എൻഡിഎ പാർലമെന്ററി പാർട്ടി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു.

   **NDA Parliamentary Party meeting begins at old parliament house in New Delhi.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന ബിജെപി നേതാക്കളും, എൻ.ഡി.എ സഖ്യ കക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നു ; സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ യോഗം കൈക്കൊള്ളും.

   **Prime Minister Narendra Modi, Senior BJP leaders and NDA constituent party leaders are attending the meeting.**

3. അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായി എട്ടാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക് ; റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

   **The Reserve Bank of India today decided to keep the policy repo rate unchanged at 6.50 per cent for the eighth time in a row**

4. കർണാടക ബിജെപി നൽകിയ മാനനഷ്ട കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് ജാമ്യം.

   **Bengaluru Court has given conditional bail to Congress leader Rahul Gandhi in Bengaluru today in defamation case.**

5. സംസ്ഥാന സർക്കാരിന്റെ മൂന്ന് വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പുറത്തിറക്കും.

**Kerala CM Pinarayi Vijayan will unveil the third year progress card of state government.**

6. സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഇന്ന് ലോക ഭക്ഷ്യസുരക്ഷാ ദിനം.

**World Food Safety Day is being observed today to highlight the importance of food safety.**

*************************

## NDA PARLIAMENTARY PARTY MEETING

സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് എൻഡിഎ പാർലമെന്ററി പാർട്ടി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. ബിജെപി അധ്യക്ഷൻ ജെ.പി നഡ്ഡ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ് നാഥ് സിങ്ങ്, നിതിൻ ഗഡ്കരി, പീയുഷ് ഗോയൽ, അനുരാഗ് സിങ്ങ് ഠാക്കൂർ, ടി.ഡി.പി അധ്യക്ഷൻ ചന്ദ്രബാബു നായിഡു, ജെ.ഡി.യു അധ്യക്ഷൻ നിതീഷ് കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ചിരാഗ് പസ്വാൻ, അജിത് പവാർ, ജയന്ത് ചൗധരി, പവൻ കല്യാൺ, അനുപ്രിയ പട്ടേൽ, എച്ച്.ഡി കുമാര സ്വാമി തുടങ്ങിയ നേതാക്കളും വിവിധ ഘടക കക്ഷികളെ പ്രതിനിധീകരിച്ച് യോഗത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. മൂന്നാം മോദി സർക്കാരിൻറെ സത്യപ്രതിജ്ഞ ഞായറാഴ്ച നടക്കുമെന്ന സൂചനകൾക്കിടെയാണ് യോഗം. പുതിയ സർക്കാരിലെ മന്ത്രിമാരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർണായക ചർച്ചകളും യോഗത്തിൽ നടക്കും. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എൻഡിഎ എംപിമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ബിജെപി, റ്റിഡിപി, ജെഡിയു, എൽജെപി(ആർ), ശിവസേന ഷിൻഡെ പക്ഷം, ജെഡിഎസ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളിൽ നിന്നും, മറ്റ് എൻഡിഎ സഖ്യ കക്ഷികളിൽ നിന്നുമുള്ള നിയുക്ത എംപിമാർ യോഗത്തിൽ പങ്കെടുക്കാനെത്തി. ഇതിനു

മുന്നോടിയായി ജെ.ഡി.യു എംപിമാർ ഇന്ന് പ്രത്യേക പാർലമെൻററി യോഗം ചേർന്നിരുന്നു. ലാലൻ സിങ്ങ്, സഞ്ജയ് കുമാർ, അജയ് കുമാർ മണ്ഡൽ ഉൾപ്പെടെയുള്ള നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. ലോക് ജനശക്തി പാർട്ടിയും ഇന്ന് ന്യൂഡൽഹിയിൽ പാർലമെൻററി പാർട്ടി യോഗം ചേർന്നു. എൽ.ജെ.പി (ആർ) പാർലമെൻററി നേതാവായി പാർട്ടി അധ്യക്ഷൻ ചിരാഗ് പാസ്വാനെ യോഗം തിരഞ്ഞെടുത്തു. അതിനിടെ, മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട് എൻഡിഎ നേതാക്കളുമായി ചർച്ച നടത്തുന്നതിനുള്ള ഉത്തരവാദിത്തം ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡയ്ക്കും കേന്ദ്ര മന്ത്രി രാജ്നാഥ് സിങ്ങിനും നൽകി. ഇന്നലെ മുതിർന്ന ബിജെപി നേതാക്കളുമായും കേന്ദ്രമന്ത്രിമാരുമായും ശ്രീ നഡ്ഡ ന്യൂഡൽഹിയിൽ ചർച്ച നടത്തിയിരുന്നു.

***********************

## ODISHA- GOVT FORMATION

ഒഡീഷാ നിയമസഭാ തിരഞ്ഞെടുപ്പിലെ വിജയത്തിന് പിന്നാലെ, മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനുള്ള ചർച്ചകൾ സജീവമാക്കി ബിജെപി. മുൻ കേന്ദ്രമന്ത്രി ജുവൽ ഓറം, കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ, ബിജെപി ദേശീയ വൈസ് പ്രസിഡൻറ് വൈജയന്ത് പാണ്ഡ, ജമ്മു കശ്മീർ മുൻ ലെഫ്റ്റനൻറ് ഗവർണർ ഗിരീഷ് ചന്ദ്ര മുർമു തുടങ്ങിയ നേതാക്കളുടെ പേരുകൾ പാർട്ടിയുടെ പരിഗണനയിലുണ്ട്. അന്തിമ തീരുമാനത്തിനായി സംസ്ഥാനത്തെ മുതിർന്ന ബിജെപി നേതാക്കൾ ഡൽഹിയിൽ തുടരുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ 147 ൽ 78 സീറ്റുകൾ നേടിയാണ് ഒഡീഷയിൽ ബി.ജെ.പി അധികാരമുറപ്പിച്ചത്.

***********************

## REV MUMBAI-RBI-BI-MONTHLY POLICY

അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായി എട്ടാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ ആർ.ബി.ഐ-യുടെ ധനനയ അവലോകന സമിതി യോഗം തീരുമാനിച്ചു. എസ്.ഡി.എഫ് നിരക്ക് 6.25 ശതമാനമായി തുടരും. രാജ്യത്തെ പണപ്പെരുപ്പ നിരക്കും, വളർച്ചാനിരക്കും തമ്മിലുള്ള അനുപാതം, അനുകൂലമായ രീതിയിലേക്ക് മാറിയതായും യോഗ തീരുമാനങ്ങൾ വ്യക്തമാക്കിക്കൊണ്ട് ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. പണപ്പെരുപ്പ നിരക്ക് നാല് ശതമാനത്തിലേക്ക് ചുരുക്കി നിർത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ സാമ്പത്തിക വളർച്ചാ നിരക്ക്, ഈ സാമ്പത്തിക വർഷത്തിൽ 7-ൽ നിന്ന് 7.2 ശതമാനമായി ഉയരുമെന്നാണ് ആർ.ബി.ഐ പ്രതീക്ഷിക്കുന്നത്.

*************************

## RAHUL GANDHI - BAIL

കർണാടക ബിജെപി നൽകിയ മാനനഷ്ട കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് ജാമ്യം. ബെംഗളൂരു കോടതിയിൽ രാഹുൽ ഗാന്ധി ഇന്ന് രാവിലെ നേരിട്ട് ഹാജരായിരുന്നു. കേസ് ഈ മാസം 30ന് വീണ്ടും പരിഗണിക്കും. 2023 ലെ കർണാടക നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ, ബിജെപിക്കെതിരെ തെറ്റായ പരാമർശങ്ങൾ നടത്തിയെന്നാണ് കേസിലെ ആരോപണം. മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ എന്നിവരെയും കേസിൽ കക്ഷി ചേർത്തിരുന്നു. ഇരുവർക്കും ജൂൺ ഒന്നിന് കോടതി ജാമ്യം അനുവദിച്ചു.

*************************

## PM-QS UNIVERSITY RANKINGS

കഴിഞ്ഞ ഒരു ദശാബ്ദമായി വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേന്ദ്ര സർക്കാർ പരിശ്രമിച്ചിരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ക്യുഎസ് ലോക സർവകലാശാലാ റാങ്കിങ്ങിൽ, ജി 20 രാജ്യങ്ങൾക്ക് ഇടയിൽ ഇന്ത്യൻ സർവ്വകലാശാലകൾ മികച്ച പ്രകടനം കാഴ്ചവച്ചതിന്റെ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രിയുടെ പ്രസ്താവന. 2015ൽ 11 ഇന്ത്യൻ സർവ്വകലാശാലകളാണ് പട്ടികയിൽ ഇടം പിടിച്ചത്. എന്നാൽ 2025ലെ പതിപ്പ് പുറത്ത് വരുമ്പോൾ 46 സർവ്വകലാശാലകൾ ഇതിൽ ഇടം നേടി. ഈ നേട്ടം കൈവരിക്കാൻ സഹായിച്ച വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങി എല്ലാവരുടെയും പ്രയത്നത്തെ അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .

************************

## PROGRESS REPORT – CM

സംസ്ഥാന സർക്കാരിന്റെ മൂന്നു വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രകാശനം ചെയ്യും. വൈകിട്ട് നാലിന് സെക്രട്ടേറിയറ്റിൽ നടക്കുന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി വി. വേണു റിപ്പോർട്ട് ഏറ്റുവാങ്ങും. സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വകുപ്പിലും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങളും എത്ര ശതമാനം പൂർത്തീകരിച്ചു എന്നതും ഉൾപ്പടെയുള്ള വിവരങ്ങളാണ് പ്രോഗ്രസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റവന്യൂ മന്ത്രി കെ.രാജൻ പരിപാടിയിൽ അധ്യക്ഷത വഹിക്കും.

************************

## PM UKRAINE ARMENIA

എൻ.ഡി.എ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വിജയത്തിൽ ലോകനേതാക്കളുടെ ആശംസകൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ആശംസകൾ നേർന്ന യുക്രൈൻ പ്രസിഡന്റ്

വ്ളോഡിമർ സെലൻസ്കിയുമായി സംസാരിച്ച അദ്ദേഹം, ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. അർമേനിയൻ പ്രധാനമന്ത്രി നിക്കോൾ പഷിൻയൻ കോളിനും ശ്രീ മോദി നന്ദി അറിയിച്ചു.

*************************

## BJP-RAHUL-ALLIGATION

തിരഞ്ഞെടുപ്പ് ഫലത്തിന്റെ വ്യാജ അഭിപ്രായ സർവേയിലൂടെ , ഓഹരി വിപണികളിൽ അഴിമതി നടത്തിയെന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണം നിഷേധിച്ച് ബിജെപി. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ദിനത്തിൽ പോലും ജനങ്ങൾക്ക് ഓഹരി വിപണിയിലൂടെ നേട്ടമുണ്ടായതായി മുതിർന്ന ബിജെപി നേതാവ് പീയൂഷ് ഗോയൽ ന്യൂഡൽഹിയിൽ പ്രതികരിച്ചു. ഈ മാസം നാലിൽ രാജ്യത്തുണ്ടായ ഓഹരി വിപണി തകർച്ചയിൽ സംയുക്ത പാർലമെന്ററി സമിതി അന്വേഷണം വേണമെന്ന് ശ്രീ രാഹുൽ ഗാന്ധി ഇന്നലെ ആവശ്യപ്പെട്ടിരുന്നു.

*************************

## RAJYASABHA SEAT - ELECTION

കേരളത്തിൽ ഒഴിവു വരുന്ന മൂന്ന് രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്നലെ പുറത്തിറങ്ങി. എം.പിമാരായ ബിനോയ് വിശ്വം, എളമരം കരീം, ജോസ് കെ മാണി എന്നിവരുടെ കാലാവധി അടുത്തമാസം ഒന്നിന് അവസാനിക്കാനിരിക്കെയാണ് വിജ്ഞാപനം പുറത്തുവന്നത്. മഹാരാഷ്ട്രയിൽ നിന്നുള്ള ഒരു രാജ്യസഭാ സീറ്റിലെ ഉപതെരഞ്ഞെടുപ്പിന്റെ വിജ്ഞാപനവും പുറപ്പെടുവിച്ചു. എൻസിപി നേതാവ് പ്രഫുൽ പട്ടേലിന്റെ രാജിയെ തുടർന്നാണ് വിജ്ഞാപനം. ഈ മാസം 13 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 25 നാണ് വോട്ടെടുപ്പ്.

*************************

## WORLD FOOD SAFETY DAY

ഇന്ന് ലോക ഭക്ഷ്യസുരക്ഷ ദിനം. സുരക്ഷിതമല്ലാത്ത ഭക്ഷണങ്ങളിലൂടെ പകരുന്ന രോഗങ്ങളെ തടയാനും അതെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്താനും ലക്ഷ്യമിട്ടാണ് ലോകാരോഗ്യ സംഘടന 2018 മുതൽ എല്ലാ വർഷവും ജൂൺ ഏഴ്, ലോക ഭക്ഷ്യസുരക്ഷാദിനമായി ആചരിക്കുന്നത്. വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെയും ദയനീയമുഖം ലോകത്തിനു മുന്നിൽ കൊണ്ടുവരുക, ഭക്ഷ്യപ്രതിസന്ധിക്കെതിരായ പോരാട്ടത്തിൽ രാജ്യാന്തര സഹകരണം ഉറപ്പുവരുത്തുക, അന്തർ ദേശീയ തലത്തിൽ കാർഷിക വളർച്ചയ്ക്ക് പ്രാധാന്യം നൽകുക എന്നിവയും ദിനാചരണത്തിന്റെ ലക്ഷ്യങ്ങളാണ്. ഭക്ഷ്യസുരക്ഷയിലൂടെ ക്ഷേമവും സുസ്ഥിര വികസനവും ഉറപ്പാക്കാനും ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്.

*************************

## PATHANAMTHITTA .. INTRO

പത്തനംതിട്ട ജില്ലയിലെ ഗവി-അടവി-ആനക്കൂട് ടൂറിസം കേന്ദ്രങ്ങളെ പരസ്പരം കോർത്തിണക്കിയുള്ള വിശദമായ പദ്ധതി നടപ്പാക്കാൻ ഇക്കോ ടൂറിസം വികസന സമിതി യോഗത്തിൽ തീരുമാനമായി. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്)

*************************

## RAIN – KERALA

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം ഒഴികെയുള്ള 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************

## FIFA

കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടന്ന ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ, ഇന്ത്യക്കും കുവൈത്തിനും ഗോൾ രഹിത സമനില. ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം സുനിൽ ഛേത്രിയുടെ വിരമിക്കൽ മത്സരം കൂടിയായിരുന്നു ഇന്നലെ നടന്നത്.

*************************

## WORLD CUP CRICKET

ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെ അട്ടിമറിച്ച് അമേരിക്ക. ഇന്നലെ ഡാലസിൽ നടന്ന മത്സരത്തിൻറെ സൂപ്പർ ഓവറിൽ ആതിഥേയരായ അമേരിക്ക പാക്കിസ്ഥാനെ അഞ്ച് റൺസിനാണ് പരാജയപ്പെടുത്തിയത്. ഇന്ന് രാവിലെ നടന്ന മറ്റൊരു മത്സരത്തിൽ, സ്കോട്ട്ലൻഡ് നമീബിയയെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

*********************************************************************************************

*********************************************************